(ഡി) 12-6-2003-ലെ കണക്കനുസരിച്ച് 46,93,469 അപേക്ഷകളിൽ ഇനി തീർപ്പുകൾപ്പിക്കാനുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ പ്രിമിതിമൂലം ചില പരീക്ഷകൾ നടത്തുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. അപേക്ഷ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കത്തക്ക രീതിയിൽ പി.എസ്.സി.-യുടെ കമ്പ്യൂട്ടറൈസേഷൻ നടപടികൾ നടന്നുവരുന്നു.

(ഇ) പോസ്റ്റ് ഓഫീസുകൾ വഴിയുള്ള പി.എസ്.സി. യുടെ അപേക്ഷാഫാറ വില്പന ഫലപ്രദമായി നടന്നുവരുന്നു. അതിനാൽ മറ്റുരീതിയിലുള്ള വിതരണത്തെപ്പറ്റി ആലോചിച്ചിട്ടില്ല.

റാങ്ക് ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി

20 (764) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി.എസ്.സി. യിൽ തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

21 (765) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാം ആണെന്ന് പറയാമോ ;

(ബി) ഇതിലോരോന്നിന്റെയും കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും നടത്തിയ നിയമനങ്ങളെ സംബന്ധിച്ച വിവരം സംവരണക്രമത്തിൽ വെവ്വേറെ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly